# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3462 — 12.05.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാന ഫോക്‌ലോർ അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.മുകേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.പി.കെ.ശശി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) 1. നാടൻകലാരംഗത്തുള്ള കലാകാരന്മാർക്ക് നൽകി വരുന്ന ചികിത്സാസഹായം 10000/-രൂപയിൽ നിന്ന് 25000/-രൂപയായി വർദ്ധിപ്പിച്ചു.<br>2. 398 കുട്ടികൾക്ക് നാടൻ കലകളുടെ അഭ്യസനത്തിന് പ്രതിമാസം 200/-രൂപ പ്രകാരം സ്റ്റൈപ്പന്റ് നൽകി. പ്രസ്തുത തുക 2017-18 ൽ 200/-രൂപയിൽ നിന്ന് 300/-രൂപ ആയി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.<br>3. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കലാകാരന്മാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് 10 ദിവസം നീണ്ടുനിന്ന ഫോക്ക്രാഫ്റ്റ് പെയിന്റിംഗ് വർക്ക് ഷോപ്പ് (ലോഹാർ - 16) സംഘടിപ്പിച്ചു. കേരളത്തിൽ ഇദംപ്രഥമമായാണ് ഇത്തരത്തിലുള്ള ശില്പശാല സംഘടിപ്പിച്ചത്.<br>4. പത്തനംതിട്ട, പാലക്കാട് ജില്ലാനാടൻ കലോത്സവങ്ങളും, കാസർഗോഡ് ജില്ലയിൽ ആദിവാസി കലോത്സവവും കണ്ണൂർ ജില്ലയിലെ പൊന്ന്യത്ത് കളരിപ്പയറ്റും, നാടൻകലകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശില്പശാലയും സംഘടിപ്പിച്ചു. ഇരിട്ടിയിൽ കൃഷിയും ഫോക്‌ലോറും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും, കലാവതരണങ്ങളും നടത്തി.<br>5. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്ത നൂറോളം ക്ലബ്ബുകളുമായി ചേർന്ന് ഗ്രാമീണതലത്തിൽ നാടൻ കലോത്സവങ്ങൾ അക്കാദമിയുടെ സാമ്പത്തിക സഹായത്തോടെ സംഘടിപ്പിച്ചു.<br>6. സാംസ്കാരിക വകുപ്പുമായി ചേർന്ന് കണ്ണൂരിൽ കാശ്മീരിലെ നാടൻകലാകാരന്മാരുടെ പരിപാടികൾ സംഘടിപ്പിച്ചു.<br>7. കേരളത്തിലെ പ്രധാനപ്പെട്ട കാവുകളിൽ ഒന്നായ കർണ്ണാടക അതിർത്തിയിലെ |

| | | |
|---|---|---|
| | | ഉളുർവനത്തിൽ 10 ദിവസം നീണ്ടുനിന്ന 60 തെയ്യങ്ങളുടെ കളിയാട്ടം ഡോക്യുമെന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | പൗരാണിക ചരിത്രത്തിന്റെ ശേഷിപ്പുകൾ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും, കൈമാറുന്നതിനും അക്കാദമിയെ പ്രാപ്തമാക്കുമോ; | (ബി) പൗരാണിക ചരിത്രത്തിന്റെ ശേഷിപ്പുകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. സ്കൂൾ കുട്ടികൾക്ക് അൻപതോളം നാടൻകലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിന് സി.ഡി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്താകമാനമുള്ള, അന്യം നിന്നു പോകുന്നതോ നാമാവശേഷമായതോ, ആയ നാടോടി കലാസാംസ്കാരിക പൈതൃകം വീണ്ടെടുക്കാനും ശേഖരിക്കുന്നതിനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതിനും അക്കാദമിയെ സജ്ജമാക്കുന്നതിന് ഇടപെടുമോ? | (സി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ